Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 36 | 2018 ആഗസ്റ്റ് 26 | 1194 ചിങ്ങം 10

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഗുരുവാണി

"കലിയുടെ ധർമ്മം ജാതിയോ മതമോ തിരിഞ്ഞുവരേണ്ടതല്ല. മനുഷ്യധർമ്മത്തിൽ ഉലകം മൊത്തം സംഭവിക്കേണ്ട ഒരു നല്ല വശമാണ്."



ചെങ്ങന്നൂരിലെ ദുരിതാശ്വാസ ക്യാംപിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകർ സഹായവിതരണം നടത്തുന്നു

# ദുരന്തമുഖത്ത് സ്നേഹസാന്നിധ്യമായി ആശ്രമം പ്രവർത്തകർ

**സ്പിരിച്ചൽ സോൺ:** സംസ്ഥാനം നേരിട്ട ഏറ്റവും വലിയ പ്രളയദുരന്തത്തിൽ പതിനായിരങ്ങൾക്ക് ആശ്വാസമായി ശാന്തിഗിരിയുടെ സ്നേഹസാന്നിധ്യം. വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് ദുരന്തമുഖത്ത് സഹായം എത്തിക്കുന്നതിന് ആശ്രമം പ്രവർത്തകർ ഊർജ്ജിതമായി രംഗത്തിറങ്ങി. പ്രളയബാധിത ക്യാംപുകളിൽ സന്ദർശനം നടത്തുകയും മരുന്നുകളും അവശ്യസാധനങ്ങളും ഭക്ഷണവും വിതരണം ചെയ്യുകയും ചെയ്തു.

കേന്ദ്രാശ്രമത്തിൽ ശാന്തിഗിരി വിദ്യാഭവൻ സ്കൂളിൽ അടിയന്തരമായി സജ്ജീകരിച്ച ദുരിതിശ്വാസ ക്യാംപ് സർക്കാർ നിർദ്ദേശപ്രകാരം ജില്ലകളിലേക്കുള്ള കളക്ഷൻ സെന്ററായി മാറ്റിയിരുന്നു. ഇവിടം കേന്ദ്രീകരിച്ചായിരുന്നു ആശ്രമത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്.

തിരുവനന്തപുരം സ്വസ്തി ഫൗണ്ടേഷൻ, വികെഎൽ അൽ നമാൽ ഗ്രൂപ്പ് ബഹറിൻ, സായി എൽഎൻസിപിഇ, ശ്രീനാരായണ ഗ്ലോബൽ മിഷൻ, ട്രിവാൻഡ്രം സ്കോട്ടിഷ് സ്കൂൾ, പാങ്ങോട് മന്നാനിയ കോളേജ്, പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയം, ജി. ദേവരാജൻ മെമ്മോറിയൽ ട്രസ്റ്റ്, ജഡായു എർത്ത് സെന്റർ തുടങ്ങിയ സംഘടനകളുമായി ചേർന്നായിരുന്നു ശാന്തിഗിരി ആശ്രമം പ്രളയബാധിത പ്രദേശങ്ങളിൽ ആശ്വാസവുമായെത്തിയത്.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ സ്വസ്തി ഫൗണ്ടേഷൻ ചെയർമാൻ റിട്ട. ഡി.ജി.പി. ജേക്കബ് പുന്നൂസ്, ചെറിയാൻ ഫിലിപ്പ്, എബി ജോർജ്, ചലച്ചിത്ര താരം മഞ്ജു പിള്ള, എസ്. ഗോപിനാഥ്, ഗോകുൽ ഗോവിന്ദ്, അഡ്വ. ഡിംപിൾ, ദേവി മോഹൻ, സബീർ തിരുമല തുടങ്ങിയവർ ചെങ്ങന്നൂരിലെ നിരവധി ദുരിതാശ്വാസ ക്യാംപുകളിൽ സന്ദർശനം നടത്തുകയും ദുരിതബാധിതരെ ആശ്വസിപ്പിക്കുകയും ചെയ്തു.





ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജ്, ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജ്, നങ്ങ്യാർകുളങ്ങര ടികെ മാധവൻ മെമ്മോറിയൽ കോളേജ്, നാലുചിറ ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിലാണ് സ്വാമിയുടെ നേതൃത്വത്തിലുള്ള സംഘം എത്തിയത്. മരുന്നുകളും ഭക്ഷണസാധനങ്ങളും വിതരണം ചെയ്യുകയുമുണ്ടായി.

ആശ്രമത്തിൽ നിന്ന് സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, കോഡിനേറ്റർമാരായ മനോജ്കുമാർ സി.പി., ബിജു കെ. എന്നിവരുടെ നേതൃത്വത്തിൽ ശാന്തിമഹിമയുടെ ടീം ആലപ്പുഴ ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ സന്ദർശനം നടത്തി. ആലപ്പുഴ എസ്.ഡി.വി. ബോയ്സ് ഹൈസ്കൂൾ, ആര്യാട് ഗവ. ഹൈസ്കൂൾ, ബിലീവേഴ്സ് ചർച്ച് ഹയർ സെക്കന്ററി സ്കൂൾ, ലൂർദ് മിഷൻ ഹയർ സെക്കന്ററി സ്കൂൾ, ഗവ. യുപിഎസ് തമ്പകച്ചുവട്, മണ്ണഞ്ചേരി ഗവ. ഹൈസ്കൂൾ, പൊന്നാട് എൽപി സ്കൂൾ, ബിഷപ് മൂർ സ്കൂൾ, വയലാർ, കണ്ടമംഗലം ശ്രീരാജരാജേസ്വരി സ്കൂൾ, വയലാർ കാവിൽ സ്കൂൾ എന്നിവിടങ്ങളിൽ ശാന്തിമഹിമ ടീം എത്തി.

ഹരിപ്പാട് ഏരിയയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ പള്ളിപ്പാട്, മണ്ണൂർ, പായിപ്പാട്, ഈയപുരം, കാരിച്ചാൽ, കരുവാറ്റ, അമ്പലപ്പുഴ, കുട്ടനാട് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാംപുകളിൽ സഹായ സഹകരണങ്ങളുമായി എത്തി.

കോട്ടയത്ത് സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ആശ്രമം സന്നദ്ധസംഘാംഗങ്ങൾ ചെങ്ങളം, കുറിഞ്ഞി, കുമരകം, കൈപ്പുഴ, മാന്നാനം, ആർപ്പൂക്കര, ചിങ്ങവനം എന്നിവിടങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി.

കോഴിക്കോട് ജില്ലയിൽ കോഡിനേറ്റർ ഹരികൃഷ്ണന്റെ നേതൃത്വത്തിൽ ഈങ്ങാപുഴ, മയിലാടുംപാറ, വയലട, ചാലിൽത്താഴം എന്നിവിടങ്ങളിലെ വിവിധ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു ദുരിതബാധിതരെ ആശ്വസിപ്പിച്ചു. എറണാകുളം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആശ്രമം ബ്രാഞ്ചിൽ നിന്ന് ഭക്ഷണം തയ്യാറാക്കി നല്കി.

*ശേഷം നാലാം പേജിൽ*

# നവപൂജിതം

## പ്രാർത്ഥനാദിനമായി ആചരിക്കും

**സ്പിരിച്ചൽ സോൺ :** സംസ്ഥാനത്തെ പ്രളയക്കെടുതി കണക്കിലെടുത്ത് ഈ വർഷത്തെ നവപൂജിതം ആഘോഷങ്ങൾ ഒഴിവാക്കി പ്രാർത്ഥനാദിനമായി ആഘോഷിക്കുന്നതിനു തീരുമാനം. സെപ്റ്റംബർ 13 നാണ് നവപൂജിതം. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിന്റെ പശ്ചാത്തലത്തിലാണ് ഈ തീരുമാനം. നവപൂജിതത്തോട് അനുബന്ധിച്ച് രാജ്യത്തുടനീളം ആഘോഷങ്ങൾക്കായി വകയിരുത്തിയ തുക കേരളത്തിലെ ദുരിതബാധിതരുടെ ആശ്വാസത്തിനും പുനരധിവാസത്തിനുമായി വിനിയോഗിക്കുമെന്ന് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അറിയിച്ചു. ഇപ്പോൾതന്നെ നാട്ടിലെ നിരവധി സന്നദ്ധസംഘടനകളുമായി സഹകരിച്ച് ദുരിതബാധിത പ്രദേശങ്ങളിൽ സഹായങ്ങളും സേവനങ്ങളും നടത്തിവരികയാണെന്നും അത് തുടരുമെന്നും സ്വാമി പറഞ്ഞു. നവപൂജിതത്തിനു മുന്നോടിയായുള്ള വ്രതസങ്കല്പങ്ങൾ ഓഗസ്റ്റ് 24 ന് ആരംഭിച്ചു.



ശാന്തിഗിരി വിദ്യാഭവനിലെ ദുരിതാശ്വാസ കളക്ഷൻ സെന്ററിൽ നിന്ന്

# ഗുരുവാണി

ഈ ഗൃഹസ്ഥാശ്രമികളെന്നു പറയുന്നവർക്ക് ജീവിതവുമായിട്ട് എത്രയോ അകലം കിടക്കുകയാണ്. ഒരു മനുഷ്യജീവിതം എന്താണെന്നുപോലും ചിന്തിച്ചറിയാൻ കഴിയാത്തവരാണ് ഗൃഹസ്ഥാശ്രമികളിൽ അധികംപേരും. മൃഗതുല്യമാണ് അവരുടെ ജീവിതം. നിങ്ങൾക്ക് കുറെ അറിവും വിദ്യാഭ്യാസവും സംസ്കാരവും പലതിലും പരിചയവും ഒക്കെ ഉണ്ടെന്നാണ് ഓരോരുത്തർക്കും തോന്നുന്നത്. പക്ഷെ ഇതൊക്കെ നിങ്ങളുടെ പ്രവൃത്തിയിലേക്ക് വരുമ്പോൾ എത്രമാത്രം ശരിയാകുമെന്ന് ചിന്തിച്ചിട്ടുണ്ടോ. വേണ്ട, ഒരു സ്നേഹിതന്റെ സ്ഥാനത്തേക്കു വരുമ്പോഴോ ? പരസ്പരവിരോധിയും വിനയമില്ലാത്തവരും സ്വാർത്ഥതയ്ക്കുവേണ്ടി എന്തും ചെയ്യുന്നവരും ഒരാളെപ്പോലും വഴങ്ങി ജീവിക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ വികൃതിയുമാണ് നിങ്ങൾ. പിന്നെ നിങ്ങളുടെ അറിവിനോ സംസ്കാരത്തിനോ സത്യസന്ധതയ്ക്കോ അവിടെ എന്ത് സ്ഥാനമുണ്ട്. ഞാനെന്നുള്ള ഭാവത്തിൽ വെറും ഒരു മൃഗീയജീവിതം നയിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു ജീവിതത്തിന്റെ പ്രതീകമായിട്ട് നിങ്ങൾ പുറത്തുപോയിരിക്കുകയാണ്. ഇത് പറയുമ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെടുമോ? വെറും വഞ്ചനാജനകമായ ജീവിതം നയിച്ച് സർവവികൃതിയും തുളുമ്പിക്കൊണ്ടു നില്ക്കുന്ന -ഇതൊക്കെ ഗമയെന്ന് പറഞ്ഞു കെട്ടിപ്പടുക്കുന്ന- ഒരു വ്യക്തിയെ എങ്ങനെ നന്നാക്കും? ഇത് നിങ്ങൾക്ക് മനസിലാക്കാനും ഉൾക്കൊള്ളാനുമുള്ള വാസനയില്ല.

ഉയർന്നുപറക്കുന്ന കഴുകനെപ്പോലെ നിങ്ങൾ ഈ അറിവിലേക്ക് വീണ്ടും തിരിച്ചുവരികയാണ്. അപ്പോൾ കഴുകന്റെ സ്വഭാവം മാറി ഹംസത്തിന്റെ വ്യത്യാസം വരും നിങ്ങൾക്ക്. അതിന് സമാധാനബുദ്ധി വേണം. അത് ആർക്കുമില്ല. ഉദാഹരണമായി ഒരു സമൂഹത്തിലിരിക്കുന്നവരെ ശ്രദ്ധിച്ചാലറിയാം അവരുടെ ദൃഷ്ടി എങ്ങോട്ടൊക്കെ പോകുന്നു എന്ന്. മനസിന്റെ വികൃതി മെഷീൻ കറങ്ങുന്നതുപോലെ കറങ്ങുകയാണ്. ഒരു സ്ഥലത്ത് ഉറയ്ക്കാനോ ഇരിക്കാനോ വയ്യാത്ത നീചമായ ചിന്ത. അവിടെ ഇരിക്കുന്നു എന്നല്ലാതെ അവരുടെ മനസ്സ് അവിടെയെങ്ങും കാണുകില്ല. ഇത്തരത്തിൽ ജീവിതകാലം മുഴുവൻ കഴിയുന്ന ഒരുവന് എന്തുചെയ്യാൻ കഴിയും? അതുകൊണ്ട് മര്യാദയായി ജീവിക്കാനുള്ള അറിവ് ആദ്യം ഉണ്ടാകണം. ആ അറിവാണ് നിങ്ങളെയെല്ലാം വളർത്തിയെടുക്കുക.

അനവധി കാലങ്ങളായി നമ്മുടെ പൂർവികർ ജീവിച്ച്, ശീലിച്ച് കഷ്ടപ്പെട്ടതിന്റെ ഫലമായി ഉണ്ടായതാണ് ഇന്ന് നമ്മുടെ നിത്യോപയോഗത്തിലിരിക്കുന്ന സാധനങ്ങൾ. നാം ഇന്നുപയോഗിക്കുന്ന ഈ വസ്ത്രത്തിന്റെ ഉല്പത്തി മുതൽ അത് വസ്ത്രമായി രൂപപ്പെടുത്തിയെടുത്തു തന്ന ഒരു ത്യാഗമുണ്ട്. ആ ത്യാഗത്തിന്റെ ആഴത്തെപ്പറ്റി ചിന്തിച്ചു നോക്കൂ.......

അക്ഷരങ്ങളും വാക്കുകളും ഭാഷയും വ്യാകരണങ്ങളും എല്ലാം ഉണ്ടായതിന്റെ പിന്നിൽ എത്രയോ മഹാന്മാരുടെ ത്യാഗപൂർണ്ണമായ ജീവിതം ഉണ്ട്. ഇതുണ്ടാക്കാൻ ശ്രമിച്ചതിന്റെ പിന്നിലെ ത്യാഗത്തെപ്പറ്റി നാം ഒന്ന് പിറകോട്ട് തിരിഞ്ഞുനോക്കുക. ചിന്തിക്കുകയും അന്യർക്കുവേണ്ടി ജീവിക്കുകയും ചെയ്ത വ്യക്തികൾക്കേ ഇതിനു സാധിച്ചിട്ടുള്ളൂ.

അതുപോലെ തന്നെയാണ് ഔഷധങ്ങളുടെ കണ്ടുപിടിത്തവും. ഇന്ന മരുന്ന് ഇന്നതുപോലെ പ്രവർത്തിക്കുമെന്നും അത് മനുഷ്യശരീരത്തിൽ ഇന്നവിധത്തിൽ ഉതകുമെന്നും കണ്ടുപിടിച്ചത് ത്യാഗികളായ സന്ന്യാസിമാരാണ്. ഈ ത്യാഗികളെ പുച്ഛിച്ചുതള്ളാൻ ഇന്ന് യാതൊരറിവുമില്ലാത്ത നിങ്ങൾ കച്ചയും കെട്ടിയിറങ്ങിയിരിക്കുന്നു. ഇങ്ങനെ നിങ്ങൾ ഓരോന്നിനെയും പറ്റി ചിന്തിച്ചു നോക്കൂ.

ഇതിത്രയും ഈ നിലയിൽ നിങ്ങൾക്ക് കിട്ടിയിട്ടും കേവലം വികൃതി കാണിക്കാനുള്ള ആഗ്രഹത്തിന്റെ പേരിൽ എന്തെല്ലാം നീചത്വങ്ങൾ നിങ്ങൾ കാണിക്കുന്നു. ഇത്തരത്തിലുള്ള സ്വഭാവവൈകൃതങ്ങൾ നിങ്ങളിൽ നിന്ന് മാറണം. അങ്ങനെ നിങ്ങളുടെ അറിവിലും സംസ്കാരത്തിലും സ്വഭാവത്തിലും ഒരു സമൂലപരിവർത്തനം വരുത്തി, വീടിനും വീടിനും നാടിനും ലോകത്തിനും ഉതകി മാതൃകാപരമായി ജീവിക്കത്തക്ക നിലയിൽ ഒരു പുതിയ തലമുറ ഉണ്ടാകേണ്ടതാണിന്നാവശ്യം. അത്തരത്തിലുള്ള ഒരു പരമ്പരയെ സൃഷ്ടിക്കുകയാണ് (ഇവിടുത്തെ) ഉദ്ദേശ്യവും ലക്ഷ്യവും.

## വചനദീപ്തി

**സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം. യുഗധർമ്മത്തിന്റെ പുണ്യാതിരേകമായി നില്ക്കുന്ന ബ്രഹ്മനിശ്ചയം.**

**അനശ്വരവാണി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

30.8.2018 – എല്ലാ ഏരിയകളും സംയുക്തമായി

## യാമപ്രാർത്ഥന

2018 ഓഗസ്റ്റ് 30, വ്യാഴം

### പ്രകാശപദം

# സകല സത്യത്തിൽക്കൂടിയും വഴിനടത്തുന്ന സത്യത്തിന്റെ ആത്മാവ്

ഗുരുശിഷ്യബന്ധവും അതിൽ വരുന്ന വിപത്തുകളും അല്ലെങ്കിൽ സാത്വികസ്വഭാവങ്ങളും എങ്ങനെ ഞാൻ ഈ ശരീരവും മനസ്സും കൊണ്ട് അനുഭവിച്ചു തീർക്കും എന്നൊരു നിശ്ചയദാർഢ്യം നമുക്കുണ്ടാകണം. അതാണ് യഥാർത്ഥഭക്തന്റെ കടപ്പാടും കടമയും. അതാണു യേശു പറഞ്ഞ "അന്വേഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും" എന്ന ഭാഗവും ശ്രീനാരായണഗുരു "കാരുണ്യവാനായ മുത്തു രത്നമോ" എന്നു ചോദിക്കുന്ന ഭാഗവും ഇതൊക്കെ തന്നെയാണ്. 'ഉടലോടുപോയൊരാ പരമേശന്റെ പരാർത്ഥ്യഭക്തനോ' എന്നു പറയുന്ന ഭാഗത്തിൽ ഏത് ഭാഗത്താണ് തന്റെ ഭക്തൻ നിൽക്കുന്നത് അല്ലെങ്കിൽ തന്റെ ഭക്തന് അതൊക്കെ കഴിയും എന്നു ചിന്തിക്കുന്ന ഭാഗമാണ്. ഇതെല്ലാം തന്റെ അനുഭവത്തിൽ വന്നിട്ട് ഗുരു ആരെന്നു വെളിപ്പെടുത്തേണ്ട ഭാഗമാണ്. അതാണ് സകലതിലും സകലതുമായി നിൽക്കുന്ന ആ പ്രകാശരൂപം. അതാതിന്റെ യോഗ്യതയിൽ നിൽക്കുന്ന ആ പ്രകാശരൂപം അതാതിന്റെ യോഗ്യതയിൽ നിന്നിട്ട് എല്ലാറ്റിന്റെയും പൂർണ്ണമായ സ്വഭാവത്തിലേക്കു പോയി, എല്ലാറ്റിന്റേയും പൂർണ്ണമിദമായി പ്രവർത്തിച്ച് വീണ്ടും എല്ലാറ്റിലും കലർന്നു നിൽക്കുന്ന ഒരു സത്യമായിട്ടു വരും. അതാണ് ഞാൻ പറഞ്ഞത് ഗുരു യാതൊരുവിധ കുറവോടും കൂടിയല്ല ഈ കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത്. പക്ഷെ ബാഹ്യമായി ഗുരു അനുഭവിച്ച വേദനയുടെ ഭാഗം നമ്മളെക്കൊണ്ടുള്ള വേദനയായിരുന്നു. കാരണം സമകാലികർ ആ മഹാത്മാവിനെ അതിന്റേതായ തൂക്കത്തിൽ കണ്ടില്ല. പക്ഷെ ആ ബ്രഹ്മപ്രകാശത്തിൽ നിന്നും അറിയിപ്പു കിട്ടിയിട്ടുണ്ട്. "ആർക്കും ജനിച്ച നാടില്ല, നിനക്കതുണ്ട്" ഇങ്ങനെയുള്ള ഓരോ സന്ദർഭവും നാം മനസുകൊണ്ട് ഓർമിച്ചിട്ട് തന്റെ ഗുരുവിനെ സ്തുതിക്കാനുള്ള ദിവസമായിട്ടും ആ സ്തുതിക്കുന്നത് എല്ലാവർക്കും സർവമംഗളമായിട്ട് ജീവിതത്തിന്റെ എല്ലാ ശ്രേണികളിലും ആ സുദിനം അങ്ങനെതന്നെ ആയിത്തീരാനും നമ്മുടെ സങ്കല്പവും കർമവും ഒരുപോലെ വരണം. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ എല്ലാപേരും നല്ലതുപോലെ സൂക്ഷിക്കണം.

ഒരു കുഞ്ഞുപോലും വേണ്ടാത്ത ഒരു സംസാരത്തിലോ വേണ്ടാത്ത ഒരു ചിന്തയിലോ അല്ലെങ്കിൽ ദുർസ്വഭാവത്തിലോ പെടരുത്. "പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം സുകൃതികൾ പോലുമഹോ ചൂഴ്ന്നിടുന്നു" എന്ന് ശ്രീനാരായണഗുരു പറയുന്ന ഒരു ഭാഗമുണ്ട്. എവിടെനിന്ന് നമ്മളിൽ എന്ത് തെറ്റു സംഭവിക്കുന്നു എന്ന് നമുക്ക് ചിലപ്പോൾ അറിയാൻ പറ്റില്ല. അറിയാതെ നമ്മളെ തെറ്റിലേക്കു നയിക്കുന്ന ഭാഗവും ഉണ്ടാകും. ഇതൊക്കെ സൂക്ഷിച്ചിട്ട് തന്റെ ഗുരുവിന്റെ പ്രകാശരൂപമായ ആ സത്യത്തെ കണ്ട് പ്രാർത്ഥന എത്തിക്കുകയും സൂക്ഷിപ്പിന്റെ ഭാഗത്ത് അതേപോലെ ചെയ്യുകയും വേണം. നിത്യേന ചെയ്തുവരുന്ന എല്ലാകാര്യവും അതിന്റേതായ തൂക്കത്തിൽ കണ്ടിട്ട് നമ്മളതിൽ യഥാർത്ഥമായ ഒരു പങ്ക് വഹിക്കുന്നവരായിത്തീരണം. അങ്ങനെ ആവും എന്നുള്ളൊരു മനസ്സുറപ്പോടുകൂടി വേണം നമ്മൾ പ്രവർത്തിച്ചെടുക്കാൻ.

നമ്മുടെ ഒരു കൂട്ടായ്മയോടുകൂടി ഏത് ഭാഗത്ത് ഏത് കുറവുണ്ടെങ്കിലും എന്തിലും ഇറങ്ങിച്ചെന്ന് സന്നദ്ധതയോടുകൂടി ചെയ്യാനും അങ്ങനെ സമ്പന്നമായ ഈശ്വരകാരുണ്യം പിടിച്ചുപറ്റാനും നമുക്കു കഴിയണം. അങ്ങനെയുള്ള ഒരു കർമത്തിന്റെ ധീരത നമ്മളുടെ ജീവനിൽ വന്നു ചേരണം. അതിനുവേണ്ടി ഒരു തയ്യാറെടുപ്പു വേണം. തന്റെ ഗുരു ആരാണെന്ന് സ്ഥൂലത്തിലും സൂക്ഷ്മത്തിലും വിളംബരം ചെയ്യണം. അതാണ് യഥാർത്ഥമായ വിളംബരം. അതാണ് സത്യത്തിന്റെ ആത്മാവ് വരുമ്പോൾ സകല സത്യത്തിൽക്കൂടിയും അവൻ വഴി നടത്തും എന്നു പറയുന്നഭാഗം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# നമ്മെ എപ്പോഴും നന്മയിലേക്ക് നയിക്കുന്ന മഹാകാരുണ്യം

ദൈവം തന്നിരിക്കുന്ന നന്മകളെ തിരിച്ചറിയാൻ കഴിയുക എന്നതാണ് ഇന്നത്തെ വലിയ വെല്ലുവിളി. തങ്ങളുടെ ഇല്ലായ്മകളുടെ പേരിൽ എല്ലാവരും ദൈവത്തെ പഴിക്കാറുണ്ട്. എന്നാൽ അതിന്റെ കാര്യകാരണങ്ങളെക്കുറിച്ച് ആലോചിക്കാറില്ല. ചെറിയ ചെറിയ സന്തോഷങ്ങൾ കൈവരുന്ന സമയത്ത് എല്ലാം മറക്കുകയും ചെയ്യും. വിജയങ്ങൾ നമുക്ക് അർഹതപ്പെട്ടതാണോയെന്ന് ചിന്തിക്കുന്നവർ നന്നെ ചുരുക്കമാണ്.

നാം ആരു തന്നെ ആയിരുന്നാലും ജീവിതയാത്രയിൽ ഒരുപാട് പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുമെന്നുള്ളത് തീർച്ചയാണ്. അതിനോടുള്ള നമ്മുടെ സമീപനം എങ്ങനെ എന്നതിലാണ് കാര്യം. നമ്മുടെ ജീവനെ പരിണാമപ്പെടുത്തുവാൻ ദൈവം നടത്തുന്ന പ്രക്രിയകൾ പലതാണ്. ആ പ്രക്രിയകളാണ് ഓരോരുത്തരുടെയും ജീവിതത്തിൽ ദു:ഖങ്ങളായി വന്നു ഭവിക്കുന്നത്. നമ്മെ എപ്പോഴും നന്മയിലേക്ക് നയിക്കുന്ന ആ മഹാകാരുണ്യത്തെ യഥാവിധം തിരിച്ചറിയുന്നതിന് ഭക്തിയും വിശ്വാസവും നമ്മെ സഹായിക്കും.

ജീവിതത്തെ പ്രസാദാത്മകമായി സമീപിക്കാൻ വേണ്ട ഒരു ആത്മവിശ്വാസമാണ് നമുക്ക് ആദ്യമായി വേണ്ടത്. അവസരങ്ങളെ പ്രയോജനപ്പെടുത്താനും പരിമിതികളെ മറികടക്കാനും കഴിയണമെങ്കിൽ അലസത മാറ്റി ഊർജ്ജസ്വലതോടെ പ്രാർത്ഥനാപൂർവ്വം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. യാതൊരു ഉപാധിയും ഇല്ലാത്ത ജീവിതത്തിലൂടെയാണ് നാം കടന്നുപോകേണ്ടത്. അതിനായിട്ടാണ് ആശ്രമത്തിൽ വരുന്നത്. ഈ ഒരു ധർമ്മബോധം സൃഷ്ടിച്ചെടുത്ത് ആ ധർമ്മത്തെ വളർത്തിയെടുക്കാൻ നമുക്ക് കഴിയണം.

വലിയ വലിയ നന്മകൾ ഉണ്ടാകുവാൻ അല്പം വേദനിക്കണം എന്നു ഗുരു പറയാറുണ്ട്. ഒരു വലിയ ദൈവനിയോഗത്തിനു നമ്മൾ പ്രാപ്തരായിരിക്കുകയാണ്. ഈ നിയോഗം പൂർത്തീകരിക്കണമെങ്കിൽ ഒരുപാടു വേദനകൾ സഹിക്കേണ്ടതായി വരും. അങ്ങനെയുള്ള വേദനകളെ പങ്കിട്ടുകൊണ്ടാണ് നന്മകൾ വന്നുചേരുന്നത്. അപ്പോൾ അതിനുകാരണഭൂതമാകുന്ന ദൈവകാരുണ്യത്തോടു നാം അങ്ങേയറ്റം കടപ്പെട്ടവരായിരിക്കണം എന്നും ഗുരു നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്.

ആശ്രമം എന്നത് വലിയൊരു നന്മയിലേക്കുള്ള കടന്നുകയറ്റമാണ്. നാടിനെ ചൂഴ്ന്നു നിൽക്കുന്ന തിന്മകളെ വിപാടനം ചെയ്യുന്ന ഇടമാണ്. നമ്മെ ശുദ്ധീകരിക്കുന്നതും നമ്മുടെ കർമ്മത്തെ നന്മപ്പെടുത്തുന്നതും ചിന്തകളിൽ പരിണാമം സൃഷ്ടിക്കുന്നതുമായ ആശ്രമത്തിൽ, നമ്മുടെ പ്രാർത്ഥനകൾ ഉറഞ്ഞു കട്ടപിടിച്ച് സമർപ്പണത്തിന്റെ മഴയായി പെയ്തിറങ്ങണം. അപ്പോൾ വലിയ വലിയ പരിവർത്തനങ്ങൾ നമ്മിലും ലോകത്തിലും സംഭവിക്കും.

# ചട്ടമ്പിസ്വാമി ജയന്തി പ്രഭാഷണം ഓഗസ്റ്റ് 31 ന്

**തിരുവനന്തപുരം:** ചട്ടമ്പി സ്വാമി സാംസ്കാരിക സമിതി സംഘടിപ്പിക്കുന്ന ഈ വർഷത്തെ ചട്ടമ്പിസ്വാമി ജയന്തി ആഘോഷം ഓഗസ്റ്റ് 31 ന് നടക്കും. തിരുവനന്തപുരം പ്രസ് ക്ലബിൽ വൈകുന്നേരം 5 മണിക്ക് നടക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ജയന്തിപ്രഭാഷണം നടത്തും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. കെപിസിസി പ്രസിഡന്റ് എം. എം. ഹസൻ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തും.

ചടങ്ങിൽ ജസ്റ്റിസ് കമാൽ പാഷയ്ക്ക് ഈ വർഷത്തെ ചട്ടമ്പിസ്വാമി പുരസ്കാരം സമ്മാനിക്കും.



# ജഡായു എർത്ത് സെന്ററിലേക്ക് പ്രവേശനം ആരംഭിച്ചു

**ചടയമംഗലം:** നിർമ്മാണം പൂർത്തീകരിച്ച ജഡായു എർത്ത് സെന്ററിലേക്ക് സന്ദർശകർക്ക് പ്രവേശനം ഓഗസ്റ്റ് 24 മുതൽ ആരംഭിച്ചു. പ്രളയക്കെടുതി കണക്കിലെടുത്ത് ഔപചാരിക ഉദ്ഘാടനം മാറ്റിവച്ചിരിക്കുകയാണ്. പ്രവേശനം പൂർണ്ണമായി ഓൺലൈൻ ടിക്കറ്റിലൂടെ മാത്രം. ഒരാൾക്ക് 400 രൂപയാണ് ടിക്കറ്റ് ചാർജ്. ആശ്രമം അഡ്വൈസറി കമ്മിറ്റി ജനറൽ കൺവീനർ കൂടിയായ രാജീവ് അഞ്ചലാണ് ജഡായു എർത്ത് സെന്ററിന്റെ ശില്പി. ലോകത്തിലെ ഏറ്റവും വലിയ പക്ഷിശില്പമാണ് ജഡായു എർത്ത് സെന്റർ.

വിദേശ ടൂറിസ്റ്റ് സെന്ററുകൾക്ക് സമാനമായി ഹെലിക്കോപ്റ്റർ സർവീസ്, കേബിൾ കാർ സംവിധാനം, അഡ്വഞ്ചർ ടൂറിസം തുടങ്ങിയവയെല്ലാം ഇവിടെ ഒരുക്കിയിട്ടുണ്ട്.



എം.ഡി. ശശികുമാർ പുരസ്കാരം ഏറ്റുവാങ്ങുന്നു

# ലൈഫ് മെമ്പർഷിപ്പ് നല്കി ആദരിച്ചു

**ന്യൂഡെൽഹി:** ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി ഡെപ്യൂട്ടി ജനറൽ കൺവീനറും പാർലമെന്റ് ഓഫ് വേൾഡ് റിലീജിയൻ അംബാസിഡറുമായ എം.ഡി. ശശികുമാറിന് (ശാന്തനൻ) ഡെൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് പീസ് ഡെവലപ്മെന്റ് ആന്റ് റിസർച്ച് ഫൗണ്ടേഷൻ ലൈഫ് മെമ്പർഷിപ്പ് നല്കി ആദരിച്ചു. ഓഗസ്റ്റ് 21 ന് ഡെൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ ഫൗണ്ടേഷൻ പ്രസിഡന്റ് സന്ദീപ് മാർവയാണ് ബഹുമതി നല്കിയത്.

ഇന്ത്യയിലും വിദേശത്തുമായി നടത്തുന്ന മതാന്തരസൗഹൃദ-സമാധാന പ്രവർത്തനങ്ങൾ മാനിച്ചാണ് പുരസ്കാരം.

# സഹായം നൽകി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ ഓണാഘോഷത്തിനായികരുതിവച്ചിരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി.



ഗേറ്റ് നമ്പർ ഒന്നിനു സമീപം ആരംഭിച്ച കർഷകസഹായ കേന്ദ്രം



ദുരിതബാധിർക്കായി ഗുരുമഹിമ പ്രവർത്തകരുടെ സഹായം

# ദിവംഗതയായി



ബി. വത്സലകുമാരി

**ആലപ്പുഴ:** ശാന്തിഗിരി മാതൃമണ്ഡലം ഗവേണിംഗ് കമ്മിറ്റി കൺവീനർ ആര്യാട് നടുവത്തേഴത്ത് 'സ്നേഹശുദ്ധി'യിൽ ബി. വത്സലകുമാരി (57) ഓഗസ്റ്റ് 20 ന് ദിവംഗതയായി. സംസ്കാരം നടന്നു. എസ്.ഡി.വി. ബോയ്സ് ഹൈസ്കൂൾ റിട്ട. ഹെഡ് മിസ്ട്രസായിരുന്നു. ഭർത്താവ് എ. ശ്രീവാസ് (ഡെപ്യൂട്ടി ജനറൽ കൺവീനർ, വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം ആലപ്പുഴ ഏരിയ കമ്മിറ്റി).
മക്കൾ: എസ്. വിവേക്, ഡോ. എസ്. വിദ്യ. മരുമകൻ: ഡോ. ബി. അരുൺകുമാർ.

# വിവാഹിതരായി



അടൂർ കൂടൽ പുത്തൻവിളയിൽ പി.വി. തുളസീധരന്റെയും കലിജയുടെയും മകൻ റ്റി. പ്രബലകുമാരനും കൊട്ടാരക്കര കുണ്ടറ കുഴുമതിക്കാട് തളവൂർക്കോണം തെങ്ങുതുണ്ടത്തിൽ കെ. അഴകേശന്റെയും ബി. ശാന്തയുടെയും മകൾ എസ്. സ്നേഹിതയും ഓഗസ്റ്റ് 22 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



പത്തനംതിട്ട കുറ്റി മണ്ണടിശാല വെച്ചൂച്ചിറ പി.കെ. മോഹൻദാസിന്റെയും വിജയമ്മയുടെയും മകൻ ദീപക് എം. ദാസും പാലോട്ടുകോണം മംഗളോദയത്തിൽ കെ. സുദേവന്റെയും സാവിത്രി സുദേവന്റെയും മകൾ ദിവ്യ സുദേവനും ഓഗസ്റ്റ് 22 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സൂപ്രണ്ട് ഡോ. എൻ. രവീന്ദ്രന്റെയും ബീന രവീന്ദ്രന്റെയും മകൻ വിഷ്ണുവും കുളത്തൂർ എസ്. എൻ. നഗർ വി.എം. ഭവൻ പി. മോഹൻദാസിന്റെയും വിജയലതയുടെയും മകൾ അഞ്ജലിയും ഓഗസ്റ്റ് 23 ന് പോത്തൻകോട് രാജശ്രീ കൺവൻഷൻ സെന്ററിൽ വച്ച് വിവാഹിതരായി.

# സ്നേഹസാന്നിധ്യമായി പ്രവർത്തകർ



ആശ്രമത്തിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരുടെ സംഘം ഹരിപ്പാട് ആശ്രമത്തിൽ

*(ഒന്നാം പേജ് തുടർച്ച)*

ചേർത്തല ഏരിയ ഓഫീസിന്റെ നേതൃത്വത്തിൽ ഒറ്റപ്പുന്ന, തിരുനല്ലൂർ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാംപുകളിൽ കോഡിനേറ്റർ റ്റി.പി. അനൂപിന്റെ നേതൃത്വത്തിൽ സന്നദ്ധസംഘമെത്തി അവശ്യവസ്തുക്കൾ വിതരണം ചെയ്തു. വൈക്കത്ത് ഉദയാപുരം, വല്ലകം, നക്കംതുരുത്ത് എന്നിവിടങ്ങളിലും പ്രവർത്തനം നടത്തി.

പാലക്കാട് ജില്ലയിൽ ആണ്ടിമഠം, നെല്ലിയാമ്പതി എന്നിവിടങ്ങളിലായിരുന്നു പ്രവർത്തനം. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ഏരിയ ഓഫീസിന്റെ നേതൃത്വത്തിൽ പൊൻമുടി, ബ്രൈമൂർ എന്നിവിടങ്ങളിൽ പ്രവർത്തനം നടന്നു. ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകർ കോന്നി, വൈക്കം ബ്രാഞ്ച് ആശ്രമങ്ങളിൽ ശുചീകരണ കർമ്മം നടത്തുകയുണ്ടായി.

ഹൈദരാബാദിൽ നിന്ന് സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയുടെയും ചെന്നൈയിൽ നിന്ന് സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വിയുടെയും നേതൃത്വത്തിൽ തിരുവനന്തപുരത്തെ ആശ്രമത്തിന്റെ ദുരിതാശ്വാസ കളക്ഷൻ സെന്ററിലേക്ക് അവശ്യസാധനങ്ങളും മരുന്നുകളും അയച്ചുതരുകയുണ്ടായി. മധുരൈ നോർത്ത് ഡിസ്ട്രിക്റ്റ് ലാൻഡ് പ്ലോട്ട് ഹൗസ് മീഡിയേറ്റേഴ്സ് അസോസിയേഷൻ ആശ്രമം ശേഖരണകേന്ദ്രത്തിലേക്ക് വസ്തുക്കൾ അയച്ചുതരുകയുണ്ടായി. കോയമ്പത്തൂരിൽ നിന്ന് സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ശേഖരിച്ച ദുരിതാശ്വാസ സാമഗ്രികൾ അയച്ചുതന്നു.

ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘം, ശാന്തിഗിരി ഗുരുമഹിമ, ശാന്തിഗിരി ഗുരുകാന്തി എന്നിവയുടെ പ്രവർത്തകർ സമാഹരിച്ച അവശ്യസാധനങ്ങളും ഭക്ഷണവും കളക്ഷൻ സെന്ററിലേക്ക് കൈമാറി. ശാന്തിഗിരി ഭഗിനിനികേതന്റെ നേതൃത്വത്തിൽ മസാലപ്പൊടികൾ ദുരിതബാധിതർക്കായി നൽകി.

ശാന്തിഗിരി വിദ്യാഭവൻ സ്കൂളിലെ കുട്ടികളും രക്ഷകർത്താക്കളും, പ്രദേശിക സന്നദ്ധസംഘടനകളും നാട്ടുകാരും ആശ്രമത്തിന്റെ കളക്ഷൻ സെന്ററിലേക്ക് സഹായം നല്കുകയുണ്ടായി.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെങ്ങന്നൂരിലെത്തിയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിലുള്ള സന്നദ്ധ സംഘം പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെ.സി. വേണുഗോപാൽ എം.പി., കെ.ബി ഗണേഷ്കുമാർ എം.എൽ.എ., ചെങ്ങന്നൂരിലെ മുൻ എം.എൽ.എ പി.സി വിഷ്ണുനാഥ് എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ അയക്കേണ്ട അക്കൗണ്ട് നമ്പർ

**05570200005643**
**Santhigiri Ashram**
Bank and Branch
**Bank of Baroda,**
**Fort Branch**
IFSC Code
**BARB0TRIVAN**



പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് ശാന്തിഗിരി ഗുരുകാന്തി കുട്ടികളുടെ സഹായം കൈമാറുന്നു





ചെങ്ങന്നൂരിലെ ദുരിതാശ്വാസ ക്യാംപിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും സംഘവും (ഇടത്)
അവശ്യസാധനങ്ങളുമായി ഹൈദരാബാദിൽ നിന്നു പുറപ്പെടുന്ന വാഹനം ഫ്ളാഗ് ഓഫ് ചെയ്യുന്നു (വലത്)

# അർഹതയുടെ അംഗീകാരം



നിത്യൻ റ്റി.റ്റി.



ചക്രപാണി കെ.



വിനുക്കുട്ടൻ സി.ആർ

**സ്പിരിചൽ സോൺ :** ഓഗസ്റ്റ് 22 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗതീരുമാനപ്രകാരം ഏറെക്കാലമായി ആശ്രമത്തിൽ സേവനം ചെയ്തുവരുന്ന **നിത്യൻ റ്റി.റ്റി., ചക്രപാണി കെ., വിനുക്കുട്ടൻ സി.ആർ.** എന്നിവർക്ക് സ്ഥാനക്കയറ്റം നൽകി. പേരും തസ്തികയും ചുവടെ.

**നിത്യൻ റ്റി.റ്റി.,** ഡെപ്യൂട്ടി ജനറൽ മാനേജർ (ഫുഡ് സർവീസസ്) ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ.

**ചക്രപാണി കെ.,** അസിസ്റ്റൻറ് ജനറൽ മാനേജർ (ഫുഡ് സർവീസസ്) ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ.

**വിനുക്കുട്ടൻ സി.ആർ.** (അസിസ്റ്റന്റ് ജനറൽ മാനേജർ (പ്രൊഡക്ഷൻ) ശാന്തിഗിരി മധുരം ബേക്കറി.

കല്ലാർ സ്വദേശിയായ നിത്യൻ.റ്റി.റ്റി 1971 ലാണ് ആശ്രമത്തിൽ വന്നത്. പൂജയും അടുക്കളയുടെ കർമ്മവും ആദ്യകാലങ്ങളിൽ ചെയ്തത്. തുടർന്ന് എറണാകുളം, ബത്തേരി, കുമളി ബ്രാഞ്ചാശ്രമങ്ങളിൽ നിരവധി വർഷങ്ങൾ സേവനം അനുഷ്ഠിച്ചു.പോത്തൻകോട് അങ്ങാടിക്കടയിൽ കുറച്ചുകാലം സേവനം ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ അച്ഛൻ ടി.കെ. തങ്കപ്പൻ കല്ലാറിൽ മൂന്നേകാൽ ഏക്കർ സ്ഥലം സമർപ്പിച്ചിട്ടുണ്ട്.

നെടുമങ്ങാട് സ്വദേശിയായ ചക്രപാണി.കെ 1977 ലാണ് ആശ്രമത്തിലെത്തിയത്. അന്നുമുതൽ ഗുരു ആദിസങ്കല്പത്തിൽ ലയിക്കുന്നതുവരെ ഗോശാലയിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് കുറച്ചുകാലം ആയുർവേദത്തിൽ കർമ്മം ചെയ്തു. 2003 മുതൽ 15 വരെ വീണ്ടും ഗോശാലയിൽ കർമ്മം ചെയ്തു. കഴിഞ്ഞ രണ്ടു വർഷമായി വെജിറ്റബിൾ സ്റ്റാളിൽ കർമ്മം ചെയ്യുന്നു.

ചേർത്തല സ്വദേശിയായ വിനുക്കുട്ടൻ സി.ആർ 1983 ൽ ആശ്രമത്തിലെത്തി. ആശ്രമത്തിലെ നിരവധി കർമ്മമേഖലകളിൽ സേവനം അനുഷ്ഠിച്ചു. അടുക്കള, ഗോശാല, പൂജ, ആയുർവേദം, കാന്റീൻ, ബേക്കറി എന്നിവിടങ്ങളിൽ ഏറെക്കാലം കർമ്മം ചെയ്തു. കല്ലാർ, ബത്തേരി, എറണാകുളം എന്നീ ആശ്രമം ബ്രാഞ്ചുകളിലും സേവനം ചെയ്തിട്ടുണ്ട്.

ഈ മൂന്നുപേരും ആശ്രമത്തിനുവേണ്ടി ചെയ്ത ത്യാഗത്തെക്കുറിച്ച് ഓർഗനൈസിംഗ് സെക്രട്ടറി ഡയറക്ടർ ബോർഡിൽ പ്രത്യേക പരാമർശം നടത്തി.


## വസ്തു വില്പനയ്ക്ക്

പാലോട്ടുകോണത്ത് ഗൃഹനിർമ്മാണത്തിന് അനുയോജ്യമായ 14 സെന്റ് സ്ഥലം വില്പനയ്ക്ക്. പോത്തൻകോട്-വെഞ്ഞാറമൂട് റോഡിൽ നിന്നും 1.25 കിലോമീറ്റർ അകലെ. ഫോൺ: 9946761740

*Advt*

ഗുരുചരണം ശരണം

## 25–ാം വിവാഹവാർഷികം



**ഉദയഭാനു പി.കെ. - ബിന്ദു എൻ.**
'വന്ദിതം', കെ.എൻ.ആർ.എ., കോലിയക്കോട്
പ്രാർത്ഥനയോടെ : കിരൺഭാനു എൻ., ശരത്ബാനു


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala